## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 882

28.04.2017-ൽ മറുപടിയ്ക്ക്

### ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നികത്തൽ സംബന്ധിച്ച് ഡയറക്ട് & പർച്ചേസിനു വേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഈ സമ്മത പത്രം വാങ്ങുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ സമ്മതപത്രം എന്ന് സമർപ്പിക്കും എന്നറിയിക്കാമോ; ഇതിൽ ഭരണപരമോ സാങ്കേതികമോ ആയിട്ടുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ; | (എ)<br>(ബി) ഏറ്റുമാനൂർ - എറണാകുളം റോഡിൽ ഏറ്റുമാനൂർ - പട്ടിത്താനം ജംഗ്ഷൻ (ചെയ്നേജ് 0/000) മുതൽ തലയോലപ്പറമ്പ് വരെ അപകടകരമായ 38 വളവുകൾ നിലവിലുണ്ട്. പ്രസ്തുത വളവുകൾ നിവർത്തുന്നതിനുവേണ്ടി കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂര്, കടുത്തുരുത്തി, മുട്ടുച്ചിറ, വടയാർ എന്നീ വില്ലേജുകളിൽ നിന്നും 52 സർവ്വേ നമ്പരുകളായി 1.0709 ഹെക്ടർ പുരയിടവും, 0.0175 ഹെക്ടർ നിലവും നെഗോഷിബിൾ പർച്ചേസ് പ്രകാരം മാത്രം ഏറ്റെടുക്കേണ്ടതുണ്ട്. റവന്യൂ അധികാരികളുമായി ചേർന്ന് എല്ലാ സ്ഥലമുടമകളുടെയും വീടുകളിൽ നോട്ടീസ് നൽകുകയും, കോതനല്ലൂർ, മാഞ്ഞൂർ വില്ലേജുകളിൽ നിന്നായി 21 പേരുടെ സമ്മതപത്രം ലഭിക്കുകയുമുണ്ടായി. വില്ലേജ് അടിസ്ഥാനത്തിൽ ബാക്കി സമ്മതപത്രം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഭരണപരമായോ സാങ്കേതികമായോ തടസ്സങ്ങൾ ഉണ്ടായിട്ടില്ല. |
| (സി) പൊതുമരാമത്ത് വകുപ്പിന്റെ കാലതാമസം കാരണം പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതി വിശേഷം ഒഴിവാക്കുവാൻ വകുപ്പുതലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തു നിന്നും യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. സമ്മതപത്രം ലഭ്യമാക്കുവാനുള്ള കാലതാമസത്തിനു കാരണം യഥാർഥ സ്ഥലമുടമകൾ പലരും സ്ഥലത്ത് ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ